# റിസര്‍വ് ബാങ്ക് ഓഫ് ഇന്‍ഡ്യ

**www.rbi.org.in**

ആര്‍.ബി.ഐ./2019-20/67
ഡിപിഎസ്എസ്. സി.ഒ. പി.ഡി.നമ്പര്‍ 629/02.01.01412/2019-20

സെപ്തംബര്‍ 20, 2019

എല്ലാ ഓപ്പറേറ്റര്‍മാര്‍ക്കും അംഗീകൃത പേമന്‌റ് സംവിധാനത്തില്‍ പങ്കെടുക്കുന്നവര്‍ക്കും.

മാഡം / സര്‍,

**അംഗീകൃത പേമെന്‍റ് സംവിധാനം ഉപയോഗിച്ചു നടത്തുന്ന ഇടപാടുകളില്‍ ഇടപാടുകാര്‍ക്കുള്ള കോമ്പന്‍സേഷന്‍ നല്‍കുന്നതിന് പരമാവധി ടേണ്‍ എറൗണ്ട് (ടി.എ.ടി.) സമയം ഏകീകരിക്കലും, ഇടപാടുകാരുടെ ഫലപ്രദമാകാത്ത ഇടപാടുകള്‍ക്ക് നല്‍കേണ്ടുന്ന കോമ്പന്‍സേഷനും**

2019 ഏപ്രില്‍ 4 ലെ ധനനയം സംബന്ധിച്ച പ്രസ്താവനയുടെ ഭാഗമായി നല്‍കിയിട്ടുള്ള വികസനവും, നിയന്ത്രണവും സംബ ന്ധിച്ച നയങ്ങളുടെ പ്രസ്താവന കാണുക. പരമാവധി ടേണ്‍ എറൗണ്ട് സമയം ഏകീകരിക്കുക, അംഗീകൃത പേമെന്‍റ് സംവിധാനം ഉപയോഗിക്കുന്ന ഇടപാടുകാരുടെ ഫലപ്രദമാകാത്ത ഇടപാടുകള്‍ക്ക് കോമ്പന്‍സേഷന്‍ നല്‍കുക എന്നിവയെ സംബന്ധിച്ച് ഒരു രൂപരേഖ മുന്നോട്ടുവയ്ക്കാന്‍ റിസര്‍വ്ബാങ്ക് ആഗ്രഹിക്കുന്നതായി അതില്‍ സൂചിപ്പിച്ചിരുന്നു.

2. ഫലപ്രദമാകാത്തതും, 'പരാജയപ്പെടുന്ന'തുമായ ഇടപാടുകളെ സംബന്ധിച്ച് ഇടപാടുകാരുടെ നിരവധി പരാതികള്‍ ഉണ്ടാകുന്നതായി നിരീക്ഷിക്കപ്പെട്ടിരിക്കുന്നു. വിനിമയ സംവിധാനവുമായുള്ള ലിങ്ക് നഷ്ടപ്പെടുക, എ.ടി.എമ്മില്‍ പണം ഇല്ലാതിരിക്കുക, സമയം കഴിഞ്ഞു പോവുക, പല കാരണങ്ങളാല്‍ പണമെത്തേണ്ട ആളുടെ അക്കൗണ്ടില്‍ പണമെത്താതിരിക്കുക തുടങ്ങിയ ഇടപാടുകാരുമായി ബന്ധമില്ലാത്ത വിവിധ കാരണങ്ങളാല്‍ ഉണ്ടാകുന്ന കുഴപ്പങ്ങള്‍ പരിഹരിക്കുന്ന തിനും, പരാജയപ്പെട്ട ഇടപാടിന് നല്‍കുന്ന നഷ്ടപരിഹാരത്തിനും ഇപ്പോള്‍ ഐകരൂപ്യമില്ല.

3. ഇതുമായി ബന്ധപ്പെട്ട വിവിധ കക്ഷികളുമായി ചര്‍ച്ച ചെയ്തതിന്‍റെ അടിസ്ഥാനത്തില്‍ പരാജയപ്പെട്ട ഇടപാടുകള്‍ക്കും, അതിനുള്ള നഷ്ടപരിഹാരത്തിനും ഒരു ടേണ്‍ എറൗണ്ട് സമയത്തെ സംബന്ധിച്ച ചട്ടക്കൂട് പൂര്‍ത്തീകരിച്ചിരിക്കുന്നു. ഇത് ഇടപാടുകാരുടെ വിശ്വാസ്യത വര്‍ദ്ധിപ്പിക്കുന്നതിനും,പരാജയപ്പെട്ട ഇടപാടിന് നല്‍കുന്ന നഷ്ടപരിഹാര

ത്തിന് ഐകരൂപ്യമുണ്ടാക്കുന്നതിനും അവസരമൊരുക്കും. ഈ സർക്കുല റിന്റെ അനുബന്ധത്തിൽ അത് ചേർത്തിട്ടുണ്ട്.

4. താഴെ പറയുന്നതു കൂടി ശ്രദ്ധിക്കുക :

- ഈ ടേൺ എറൗണ്ട് സമയം പരാജയപ്പെട്ട ഇടപാട് പരിഹരിക്കുന്ന തിനുള്ള പരമാവധി സമയമാണ്
- ഇത്തരം പരാജയപ്പെട്ട ഇടപാടുകൾക്ക് പെട്ടെന്നുതന്നെ പരിഹാര മുണ്ടാക്കുവാൻ ബാങ്കുകളും, മറ്റ് ഓപ്പറേറ്റർമാരും, ഈ സംവിധാന ത്തിൽ പങ്കെടുക്കുന്നവരും ശ്രദ്ധിക്കേണ്ടതാണ്.

5. ധനപരമായ നഷ്ടപരിഹാരം ഉൾപ്പെട്ടവയിൽ ഇടപാടുകാരിൽ നിന്നുള്ള പരാതിക്കോ, ക്ലെയിമിനോ വേണ്ടി കാത്തുനിൽക്കാതെ അവരുടെ അക്കൗണ്ടിൽ നേരിട്ട് നഷ്ടപരിഹാരതുക നൽകേണ്ടതാണ്.

6. ഈ നിർദ്ദേശ പ്രകാരമുള്ള 'പരാജയ 'ത്തെ സംബന്ധിച്ച പരാതിയുടെ ആനുകൂല്യം കിട്ടാത്തവർക്ക് റിസർവ് ബാങ്ക് ഒഫ് ഇൻഡ്യയുടെ ബാങ്കിംഗ് ഓംബുഡ്സ്മാന് പരാതി സമർപ്പിക്കാവുന്നതാണ്.

7. പേമെന്റ് ആന്റ് സെറ്റിൽമെന്റ് ആക്ട് 2007 (2007 ലെ ആക്ട് 51) ലെ 10 (2) , 18 എന്നീ വകുപ്പുകൾ പ്രകാരമാണ് ഈ മാർഗനിർദ്ദേശം നൽകുന്നത്. ഇത് 2019 ഒക്ടോബർ 15 മുതൽ നിലവിൽ വരുന്നതായിരിക്കും.

വിശ്വസ്തതയോടെ,

(പി. വാസുദേവൻ)

ചീഫ് ജനറൽ മാനേജർ

അനുബന്ധം : മേൽ സൂചിപ്പിച്ച പോലെ

**അനുബന്ധം**

**(2019 സെപ്റ്റംബർ 20 ലെ സർക്കുലർ ഡി.പി. എസ്. എസ്. സി.ഒ. പി.സി. നം.629/2.1.014/2019-20 ന്‌റെ അനുബന്ധം)**

## അംഗീകൃത പേമെൻറ് സംവിധാനം ഉപയോഗിച്ചു നടത്തുന്ന ഇടപാടുകളിൽ ഇടപാടുകാർക്കുള്ള കോമ്പൻസേഷൻ നൽകുന്നതിന് പരമാവധി ടേൺ എറൗണ്ട് (ടി.എ.ടി.) സമയം ഏകീകരിക്കലും, ഇടപാടുകാരുടെ ഫലപ്രദമാകാത്ത ഇടപാടുകൾക്ക് നൽകേണ്ടുന്ന കോമ്പൻസേഷനും

### ടേൺ എറൗണ്ട് സമയം (ടി.എ.ടി.) സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ:

1. ടി. എ. ടി. യുടെ തത്വം താഴെ പറയുന്നത് അടിസ്ഥാനമാക്കിയുള്ളതാണ്

എ. 'ക്രഡിറ്റ് പുഷ്' ഫണ്ട് ട്രാൻസ്ഫറിൽ അയയ്ക്കുന്ന ആളുടെ അക്കൗണ്ടിൽ നിന്ന് പണം എടുക്കുകയും, എന്നാൽ കിട്ടേണ്ട ആളുടെ അക്കൗണ്ടിൽ പണമെത്താതിരിക്കുകയും ചെയ്യുന്ന ഇടപാടിൽ, നിശ്ചിത സമയപരിധിക്കുള്ളിൽ പണമെത്തിയില്ലെങ്കിൽ ഇടപാടുകാരന് പെനാൽറ്റി നൽകേണ്ടതാണ്.

ബി. ഇടപാടു നടത്തിയ ബാങ്ക് ടി. എ. ടി. സമയപരിധി കഴിഞ്ഞാണ് പണമയച്ചതെങ്കിൽ ബാങ്ക് പെനാൽറ്റി നൽകേണ്ടതാണ്

2. 'പരാജയപ്പെട്ട ഇടപാട്' എന്നാൽ ഇടപാടുകാരുടെ കുറ്റം കൊണ്ടല്ലാതെ, വിനിമയ സംവിധാനത്തിലെ തകരാറ്, എ ടി എമ്മിൽ പണമില്ലാതിരിക്കുക, സമയം കഴിഞ്ഞു പോവുക തുടങ്ങിയവ മൂലം പൂർണമായി പൂർത്തിയാക്കാനാകാത്തവയാണ്. പൂർണമായ വിവരത്തിൻറെ കുറവോ, ശരിയായ വിവരത്തിൻറെ അഭാവമോ, തിരിച്ച് അക്കൗണ്ടിലിടാൻ വരുത്തുന്ന കാലതാമസമോ നിമിത്തം ലഭിക്കേണ്ട ആളുടെ അക്കൗണ്ടിൽ വരവു വയ്ക്കാതെ വരുന്നതും പരാജയപ്പെട്ട ഇടപാടാണ്.

3. നേടുന്നയാൾ, അന്തിമ ഗുണഭോക്താവ്, അയയ്ക്കുന്നയാൾ, അടയ്ക്കുന്നയാൾ തുടങ്ങിയ പദങ്ങൾക്ക് സാധാരണ ബാങ്കിംഗ് രീതിയനുസരിച്ചുള്ള അർത്ഥമാണുള്ളത്.

4. T (ടി) എന്നാൽ ഇടപാടു നടന്ന കലണ്ടർ ദിനം എന്നാണർത്ഥം.

5. R (ആർ) എന്നാൽ തിരിച്ചു വരവുവയ്ക്കൽ പുർത്തിയാകുന്ന തീയതി അതായത് അയച്ച ആൾ / ഒറിജിനേറ്റർക്ക് പണം കിട്ടിയ തീയതിയാണ്.

അന്തിമ ഗുണഭോക്താവിൽ നിന്നും പണം തിരിച്ചുകിട്ടിയ അന്നു തന്നെ ഇടപാടു നടത്തിയ ആളിന്റെ അക്കൗണ്ടിൽ പണം വരവു വയ്ക്കണം.

6. ബാങ്ക് എന്നാൽ ഇത്തരം ഇടപാടു നടത്താൻ അധികാരപ്പെടുത്തിയ ബാങ്കിതര സ്ഥാപനവുമാകാം.

7. ആഭ്യന്തര ഇടപാട് എന്നാൽ അയയ്ക്കുന്നയാളും, കിട്ടുന്നയാളും ഇന്ത്യയിലുള്ളവരും, ഈ സംവിധാനത്തിനു കീഴിൽ വരുന്നവരുമാണ്.

**അംഗീകൃത പേമെൻറ് സംവിധാനം ഉപയോഗിച്ചുനടത്തുന്ന ഇടപാടുകളിൽ ഇടപാടുകാർക്കുള്ള കോമ്പൻസേഷൻ നൽകുന്നതിന് പരമാവധി ടേൺ എറൗണ്ട് (ടി.എ.ടി.) സമയം ഏകീകരിക്കലും, ഇടപാടുകാരുടെ ഫലപ്രദമാകാത്ത ഇടപാടുകൾക്ക് നൽകേണ്ടുന്ന കോമ്പൻസേഷനും**

| **നമ്പർ** | **സംഭവത്തിൻറെ വിവരണം** | **സ്വാഭാവികമടക്കിനൽകലും, കോമ്പൻസേഷനും** | |
|---|---|---|---|
| | | **സ്വാഭാവിക മടക്കിനൽകൽ** | **നൽകേണ്ടുന്ന കോമ്പൻസേഷൻ** |
| **I** | **II** | **III** | **IV** |
| 1 | ആട്ടോമേററഡ് ടെല്ലർമെഷീനുകൾ (എടിഎം) മൈക്രോ എടിഎം ഉൾപ്പെടെ | | |
| എ | ഇടുപാടുകാരുടെ അക്കൗണ്ടിൽ നിന്ന് പണമെടുത്തു എന്നാൽ ക്യാഷ് കിട്ടിയില്ല | പരാജയപ്പെട്ട ഇടുപാടിന് സ്വാഭാവിക മടക്കിനൽകൽ പരമാവധി ടി+5 ദിവസം | ടി+5 ദിവസത്തിനു ശേഷമെങ്കിൽ താമസംവന്ന ദിവസങ്ങൾക്ക് പ്രതിദിനം 100 രൂപവീതം അക്കൗണ്ടുള്ളയാൾക്ക് നൽകണം |
| 2 | കാർഡ് ഇടപാട് | | |
| എ | <u>കാർഡിൽ നിന്ന് കാർഡിലേയ്ക്കുള്ള ട്രാൻസ്ഫർ</u> കാർഡ് അക്കൗണ്ടിൽനിന്ന്പ ണം പോയി, കിട്ടേണ്ടയാളുടെ അക്കൗണ്ടിൽ വന്നില്ല | അക്കൗണ്ടിൽ പണം തിരികെവന്നില്ലെങ്കിൽ ടി+1 ദിവസത്തിനകം തിരികെ നൽകിയിരിക്കണം | ടി+1 ദിവസത്തിനു ശേഷം പ്രതിദിനം 100 രൂപവീതം |
| ബി | പോയിൻറ് ഒഫ് സെയിൽ (പിഒഎസ്) (കാർഡ് ഉപയോഗിച്ച്) ക്യാഷ് ഉൾപ്പെടെ<br><br>ഇടപാടുകാരുടെ അക്കൗണ്ടിൽ നിന്ന് പണമെടുത്തു എന്നാൽ | ടി+5 ദിവസത്തിനകം സ്വാഭാവിക മടക്കിനൽകൽ | ടി+5 ദിവസത്തിനു ശേഷം പ്രതിദിനം 100 രൂപവീതം |

| | | | |
|---|---|---|---|
| | കച്ചവടക്കാരനടുത്ത് സ്ഥിരീകരണംകിട്ടിയില്ല അതായത് ചാർജ്സ്ലിപ് വന്നില്ല | | |
| സി | <u>കാർഡില്ലാതെ (സിഎൻപി) (ഇ കോമേഴ്സ്)</u><br><br>ഇടപാടുകാരുടെ അക്കൗണ്ടിൽ നിന്ന് പണമെടുത്തു എന്നാൽ വ്യാപാരിക്ക് സ്ഥിരീകരണം കിട്ടിയില്ല | | |
| 3 | ഇമീഡിയററ് പേമൻറ് സിസ്ററം (ഐഎംപിഎസ്) | | |
| എ | ഇടപാടുകാരുടെ അക്കൗണ്ടിൽ നിന്ന് പണമെടുത്തു എന്നാൽ കിട്ടേണ്ടയാളുടെ അക്കൗണ്ടിൽ വന്നില്ല | കിട്ടേണ്ടയാളുടെ അക്കൗണ്ടിൽ ക്രഡിററുചെയ്യാനാകാതെ വന്നാൽ അയച്ച് ആളുടെ ബാങ്ക് ഭാവികമായി പരമാവധി ടി+1 ദിവസത്തിനകം മടക്കിനൽകണം. | ടി+1 ദിവസത്തിനു ശേഷം പ്രതിദിനം 100 രൂപവീതം |
| 4 | യൂണിഫൈഡ് പേമെൻറ് ഇൻറർഫേസ് (യു.പിഐ) | | |
| എ | ഇടപാടുകാരുടെ അക്കൗണ്ടിൽ നിന്ന് പണമെടുത്തു എന്നാൽ കിട്ടേണ്ടയാളുടെ അക്കൗണ്ടിൽ വന്നില്ല (ഫണ്ട് ട്രാൻസ്ഫർ) | കിട്ടേണ്ടയാളുടെ അക്കൗണ്ടിൽ ക്രഡിററുചെയ്യാനാകാതെവന്നാൽ അയച്ച് ആളുടെ ബാങ്ക് സ്വാഭാവികമായി പരമാവധി ടി+1 ദിവസത്തിനകം മടക്കിനൽകണം. | ടി+1 ദിവസത്തിനു ശേഷം പ്രതിദിനം 100 രൂപവീതം |
| ബി | ഇടപാടുകാരുടെ അക്കൗണ്ടിൽ നിന്ന് പണമെടുത്തു എന്നാൽ വ്യാപാരിക്ക് സ്ഥിരീകരണം കിട്ടിയില്ല (വ്യാപാരിക്ക് കിട്ടേണ്ടത് തുക) | ടി+5 ദിവസത്തിനകം സ്വാഭാവിക മടക്കിനൽകൽ | ടി+5 ദിവസത്തിനു ശേഷം പ്രതിദിനം 100 രൂപവീതം |
| 5 | ആധാറിലൂടെയുള്ള പേമെൻറ് രീതി (ആധാർ പേ ഉൾപ്പെടെ) | | |
| എ | ഇടുപാടുകാരുടെ അക്കൗണ്ടിൽ നിന്ന് പണമെടുത്തു എന്നാൽ | ഇടപാടു തുടങ്ങിയ ആൾ ടി+5 | ടി+1 ദിവസത്തിനു ശേഷം പ്രതിദിനം 100 രൂപവീതം |

| | | | |
|---|---|---|---|
| | വ്യാപാരിക്ക് സ്ഥിരീകരണം കിട്ടിയില്ല | ദിവസത്തിനകം ക്രഡിററു നൽകണം | |
| ബി | ഇടപാടുകാരുടെ അക്കൗണ്ടിൽ നിന്ന് പണമെടുത്തു എന്നാൽ കിട്ടേണ്ടയാളുടെ അക്കൗണ്ടിൽ വന്നില്ല | | |
| 6 | ആധാർ പേമെൻറ് ബ്രിഡ്ജ് രീതി (എപിബിഎസ്) | | |
| എ | കിട്ടേണ്ടയാളുടെ അക്കൗണ്ടിൽ വരവുവയ്ക്കാനോ, തിരിച്ചു ക്രഡിററുചെയ്യാനോ വൈകിയാൽ | കിട്ടേട്ടേണ്ടുന്നയാളിൻറെ ബാങ്ക് ഇടപാട് ടി+1 ദിവസത്തിനകം മടക്കണം | ടി+1 ദിവസത്തിനു ശേഷം പ്രതിദിനം 100 രൂപവീതം |
| 7 | നാഷണൽ ആട്ടോമേററഡ് ക്ളിയറിംഗ് ഹൗസ് (എൻഎസിഎച്ച്) | | |
| എ | കിട്ടേണ്ടയാളുടെ അക്കൗണ്ടിൽ വരവുവയ്ക്കാനോ, തിരിച്ചു ക്രഡിററുചെയ്യാനോ വൈകിയാൽ | കിട്ടേട്ടേണ്ടുന്ന യാളിൻറെ ബാങ്ക് ഇടപാട് ടി+1 ദിവസത്തിനകം മടക്കണം | ടി+1 ദിവസത്തിനു ശേഷം പ്രതിദിനം 100 രൂപവീതം |
| ബി | ഇടപാടുകാരൻ അക്കൗണ്ടിൽ നിന്നെടുക്കാനുള്ള മാൻഡേററ് പിൻവലിച്ചെങ്കിലും അക്കൗണ്ട് ഡെബിററുചെയ്താൽ | അത്തരം നടപടിക്ക് ഇടപാടുകാരൻറെ ബാങ്ക് ഉത്തരവാദിയാണ്. ടി+1 ദിവസത്തിനകം പിശകു തിരുത്തണം | |
| 8 | പ്രിപെയ്ഡ്പേമെൻറ് ഇൻസ്ട്രമെൻറുകൾ (പിപിഐകൾ) – കാർഡുകൾ/വാലററുകൾ | | |
| എ | <u>ഓഫ് യൂസ് ഇടപാടുകൾ</u> ഈ ഇടപാടുകൾ യുപിഐ, കാർഡ് നെററവർക്ക്, ഐഎംപിഎസ് തുടങ്ങിയിലുള്ളതാണ്. ആ സംവിധാനത്തിലെ ടേൺ എറൗണ്ട്സമയവും, കോമ്പൻസേഷനുമാണ് അവയ്ക്ക് ബാധകം | | |
| ബി | <u>ഓൺ യൂസ് ഇടപാടുകൾ</u> പണം കിട്ടേണ്ടയാളുടെ പിപിഐയിൽ പണം ക്രഡിററുചെയ്തില്ല | അയച്ച ആളുടെ അക്കൗണ്ടിൽ +1 ദിവസത്തിനകം തിരിച്ചുവരവുവയ്ക്കണം | ടി+1 ദിവസത്തിനു ശേഷം പ്രതിദിനം 100 രൂപവീതം |